പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 35

04.02.2013 ൽ മറുപടിക്ക്

## സബ്സിഡി ഒഴിവാക്കൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ കോടിയേരി ബാലകൃഷ്ണൻ:<br>ഡോ. ടി.എം. തോമസ് ഐസക്:<br>ശ്രീമതി കെ.കെ. ലതിക:<br>പ്രൊഫ. സി. രവീന്ദ്രനാഥ്: | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യ മന്ത്രി) |
| (എ) ഡീസൽ വിലയുടെ നിയന്ത്രണം പിൻവലിച്ച് എണ്ണക്കമ്പനികൾക്ക് വില വർദ്ധിപ്പിക്കാൻ സ്വാതന്ത്ര്യം നല്കിയിരിക്കുന്നത് സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സ്വാതന്ത്ര്യം ഉപയോഗിച്ച് എണ്ണക്കമ്പനികൾ ഓരോ മാസവും വിലവർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളതായി അറിയാമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത് സംസ്ഥാനത്തിന്റെ മുഴുവൻ മേഖലകളേയും പ്രതിസന്ധിയിലാക്കിയതായി അറിയാമോ; ഇതിന്റെ പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) നമ്മുടെ സംസ്ഥാനത്തിന്റെ പൊതു വിതരണ സമ്പ്രദായം പൊതുവെ ശക്തവും മാതൃകാപരവുമാണ്, ഡീസൽ വില നിയന്ത്രണം നീക്കുന്നത് ഭക്ഷ്യ പൊതു വിതരണ മേഖലയെ വളരെയധികം ദോഷകരമായി ബാധിയ്ക്കാൻ സാധ്യതയുണ്ട്. സബ്സിഡി നിരക്കിൽ ലഭിച്ചു കൊണ്ടിരിക്കുകയും വിതരണം നടത്തുകയും ചെയ്യുന്ന അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ, പാചകവാതകം എന്നിവ പൊതു ജനങ്ങൾക്ക് വളരെയധികം ആശ്വാസകരമാണ്. പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധിക്കുന്നത് വിലക്കയറ്റത്തിന് ഇട വരുത്തും. |

| | | | |
|---|---|---|---|
| (സി) | ജീവിതം വീണ്ടും ദുരിതത്തിലായ ജനങ്ങൾക്ക് എന്ത് ആശ്വാസമാണ് നല്കാൻ ഉദ്ദേശിക്കുന്നത് ; | (സി) + (ഡി) | ഭക്ഷ്യധാന്യങ്ങളുടെ കേന്ദ്ര വിഹിതം കൂടുതൽ ലഭ്യമാക്കുന്നതിനും ഇത് പൊതുവിതരണ സമ്പ്രദായം വഴി ജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | കേന്ദ്ര സർക്കാരന്റെ ഈ നയ സമീപനം തിരുത്തിക്കാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | | |

സെക്ഷൻ ഓഫീസർ